പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1807 | 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. മിനിസ്റ്റീരിയൽ ജീവനക്കാരുടെ അവധി

ചോദ്യം
ശ്രീ.സി.മമ്മൂട്ടി

മറുപടി
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൻ നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി. യിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധി നൽകുന്നതു കൊണ്ട് എത്ര കോടി രൂപ ലാഭിക്കാനാകുന്നുണ്ട്; | (എ) | തുകയൊന്നും ലാഭിയ്ക്കുവാൻ കഴിയുന്നില്ല. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത ദിവസം ഉൾപ്പെടെയുള്ള അനാവശ്യാവധികൾ എടുത്തുകളയുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) | മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനി ഉൾപ്പെടെ കോർപ്പറേഷൻ അനുവദിച്ചിരിക്കുന്ന അവധികൾ എടുത്തു കളയുന്നതിനെക്കുറിച്ച് നിലവിൽ ആലോചനയില്ല. കെ.എസ്.ആർ.ടി.സിയിലെ അംഗീകൃത യൂണിയനുകളും, മാനേജ്മെന്റും ചേർന്ന് ചർച്ച ചെയ്ത് തീരുമാനത്തിൽ എത്തിയതിന്റെ അടിസ്ഥാനത്തിലാണ് അവധികൾ നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | സാമ്പത്തിക പരാധീനത എന്ന കാരണം പറഞ്ഞ് ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ഒട്ടനവധി ആനുകൂല്യങ്ങൾ നിർത്തലാക്കുമ്പോഴും മിനിസ്റ്റീരിയൽ സ്റ്റാഫിന് അനുവദിച്ച് നൽകുന്ന രണ്ടാം ശനിയാഴ്ച അവധി നിലനിർത്തേണ്ടത് അനിവാര്യമാണെന്ന നിലപാടിൽ സർക്കാർ ഉറച്ച് നിൽക്കുന്നുണ്ടോ; | (സി) | കോർപ്പറേഷന്റെ പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലിസമയം പുനഃക്രമീകരിക്കുകയുണ്ടായിട്ടുണ്ട്. അതോടൊപ്പം കോർപ്പറേഷനിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും, ഓഫീസർമാരുടെയും ജോലി സമയം 10 മുതൽ 5 മണി എന്നായിരുന്നത് പുനഃക്രമീരിച്ച് 9:30 മുതൽ 5:30 മണിവരെ എന്നാക്കിയിട്ടുണ്ട്. കൂടാതെ ടി വിഭാഗത്തിൽപ്പെടുന്ന സിവിൽ വിഭാഗം ജീവനക്കാർക്കും, സ്റ്റോർ വിഭാഗം ജീവനക്കാർക്കും രണ്ടാം ശനി പ്രവർത്തി ദിവസമാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ എന്തുകൊണ്ടാണെന്നും ഇല്ലെങ്കിൽ പുനഃരാലോചന നടത്തുമോയെന്നും വിശദമാക്കുമോ? | (ഡി) | ടി വിഷയം സംബന്ധിച്ച് പരാതികളോ, ആക്ഷേപങ്ങളോ ലഭിക്കുന്ന പക്ഷം സംഘടനകളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് പുനരാലോചന നടത്തുകയും പരിശോധിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**